**Immediate**

**സന്ദേശം**

| | | |
|---|---|---|
| TO | : | **എല്ലാ യൂണിറ്റ് മേധാവിമാർക്കും** |
| INFO | : | |
| FROM | : | **സംസ്ഥാന പോലീസ് മേധാവി** |
| | | കേരളം |

**No. E3-192817/2017/PHQ Dt 19-12-2017**

പോലീസ് വകുപ്പിലെ എല്ലാ ഓഫീസുകളിലെയും വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തത്സമയ സ്ഥിതിവിവരക്കണക്കുകൾ തയ്യാറാക്കുന്നതിനായി **iAPS ൽ STRENGTH MANAGEMENT MODULE** സജ്ജീകരിച്ചിട്ടുണ്ട്. ഈ സംവിധാനം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ പരിശീലനം നല്കുകയും മാർഗ്ഗനിർദ്ദേശത്തിനായി ഒരു കൈപ്പുസ്തകം **iAPSല്** തന്നെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പല യൂണിറ്റുകളിലും, ഈ സംവിധാനം കൃത്യതയോടും ഫലപ്രദമായും കൈകാര്യം ചെയ്യുന്നതിലും വിവരങ്ങൾ യഥാസമയം Update ചെയ്യുന്നതിലും അലംഭാവം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. **iAPS ലെ Strength Statement, Employees sent for Working Arrangement, Nominal Roll, Available Strength** എന്നീ ഡിജിറ്റൽ രജിസ്റ്ററുകൾ പരിശോധിച്ചാൽ ഈ പിഴവുകൾ ബോധ്യമാകുന്നതാണ്. ഇക്കാരണത്താൽ പോലീസ് വകുപ്പിലെ ജീവനക്കാരുടെ സ്ഥിതിവിവരക്കണക്കുകൾ അടിയന്തര സാഹചര്യത്തിൽ പരിശോധിക്കുവാൻ കഴിയാതെ വരികയും സമയബന്ധിത റിപ്പോർട്ടിനായി യൂണിറ്റ് മേധാവിമാരോട് അപ്പപ്പോൾ ആവശ്യപെടെണ്ടതായും വരുന്നു.

ആയതിനാൽ എല്ലാ സ്പെഷ്യൽ യൂണിറ്റ് മേധാവികളും, അവരുടെ കീഴിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളിലും സബോർഡിനേറ്റ് ഓഫീസുകളിലും **iAPS STRENGTH MANAGEMENT MODULEൽ** തത്സമയ സ്ഥിതിവിവരക്കണക്കുകൾ കൃത്യതയോടെ രേഖപ്പെടുത്തുകയും ആയത് പൂർത്തീകരിച്ചതായുള്ള റിപ്പോർട്ടും **Strength Statement, Employees sent for Working Arrangement, Nominal Roll, Available Strength** എന്നീ ഡിജിറ്റൽ രജിസ്റ്ററുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും **28.12.2017** നോ അതിനു മുൻപോ പോലീസ് ആസ്ഥാനത്ത് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. സബോർഡിനേറ്റ് യൂണിറ്റുകളിലെ റിപ്പോർട്ടുകൾ യൂണിറ്റ് മേധാവികൾ ശേഖരിക്കുകയും കൃത്യത പരിശോധിക്കുകയും ചെയ്ത് പോലീസ് ആസ്ഥാനത്ത് അയക്കേണ്ടതാണ്.

**STRENGTH MANAGEMENT MODULE** കൈകാര്യം ചെയ്യുന്നതിലുണ്ടാകുന്ന സംശയങ്ങൾക്ക് അതാത് യൂണിറ്റിലെ **iAPS** Office Management User മാരെയോ **iAPS**ന്റെ State Resource Persons നെയോ ബന്ധപ്പെടാവുന്നതാണ്.

റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസവും റിപ്പോർട്ടിലെ തെറ്റായ വിവരങ്ങളും മേൽ നടപടികൾക്ക് വിധേയമാണ്.

**ജി ശ്രീധരൻ ഐപിഎസ്**

**അസിസ്റ്റൻറ് ഇൻസ്പെക്ടർ ജനറൽ**

For State Police Chief

പോലീസ് വകുപ്പ്

കേരളം

**Endt No G1(c)-38795/2017/ID തീയതി. 21-12-2017**

പി എച്ച് ക്യൂ വിൽ നിന്നും വന്ന നമ്പര് ഇ3 - 192817/ പിഎച്ച്ക്യൂ തീയതി 19/12/2017 .സന്ദേശം എല്ലാ ഓഫീസർമാർക്കും ജീവനകർക്കും അറിവിനും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം അയക്കുന്നു .

ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്
For District Police Chief
ജില്ലാ പോലീസ് ഓഫീസ്, ഇടുക്കി
spidk.pol@kerala.gov.in
04862232354

G1(c)-38795/2017/ID

f4cb8e